**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ**
കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10
ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org

തിരുവനന്തപുരം **പത്രക്കുറിപ്പ്** 2011 ഫെബ്രുവരി 08

# ഇന്ധന സർച്ചാർജ്ജ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ടതില്ല: വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

കഴിഞ്ഞ ഏപ്രിൽ മുതൽ സെപ്തംബർ വരെ ഇന്ധന വിലയിലുണ്ടായ വ്യതിയാനം മൂലം സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടായ അധിക ചെലവ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ ഉത്തരവായി.

ഈയിനത്തിൽ 123.84 കോടി രൂപയുടെ അധിക ചെലവ് ഉണ്ടായതായാണ് ബോർഡ് സമർപ്പിച്ച കണക്ക്. എന്നാൽ, ഇത് 115.58 കോടി രൂപയായി കമ്മീഷൻ നിജപ്പെടുത്തി. ഈ തുക നടപ്പ് സാമ്പത്തിക വർഷത്തെ അധിക വരുമാനമായി കണക്കാക്കിയിട്ടുള്ള തുകയിൽ ശേഷിക്കുന്ന 84.73 കോടി രൂപയിൽ വകയിരുത്താനും ശേഷിച്ച തുക അടുത്ത ത്രൈമാസ ഇന്ധന ചെലവ് കണക്കിൽ ഉൾപ്പെടുത്തി സമർപ്പിക്കാനുമാണ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

2009 ഏപ്രിൽ മുതൽ സെപ്തംബർ ഏർപ്പെടുത്തിയിരുന്ന ഇന്ധന സർച്ചാർജ്ജിൽ നിന്ന് 120 യൂണിറ്റിന് താഴെ പ്രതിമാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സബ്സിഡി തുകയായ 54 കോടി രൂപ ഇതുവരെയും കിട്ടിയിട്ടില്ലാത്ത സാഹചര്യത്തിൽ ഒരു മാസത്തിനകം ഈടാക്കാനും കമ്മീഷൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്രട്ടറി

KSERC/PR/02/2011